**File No.SJD/64/2020-D2**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :13/03/2020
Email - swdkerala@gmail.com
Phone - 0471 - 2306040

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - സംസ്ഥാനത്ത് കൊറോണ രോഗം പടരുന്ന സാഹചര്യത്തിൽ വി.ടി.സി -യിലെ പരിശീലനാർത്ഥികൾക്ക് അവധി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- -----------

സംസ്ഥാനത്ത് കൊറോണ രോഗം പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിൽ കൊറോണയെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങൾ പാലിക്കാൻ ക്ഷേമസ്ഥാപന മേധാവികൾക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്.

1. സ്ഥാപനങ്ങളിൽ സന്ദർശകരെ ഒരു കാരണവശാലും അനുവദിക്കാൻ പാടില്ല . വിവിധ പഠനങ്ങൾക്കായി സ്ഥാപന സന്ദർശനത്തിനായി അനുമതി നല്കിയിട്ടുള്ളവരെയും ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നത് വരെ പ്രവേശനാനുമതി നൽകേണ്ടതില്ല.
2. ക്ഷേമസ്ഥാപനങ്ങളിൽ താമസിക്കുന്നവർക്ക് പനി, ചുമ, ജലദോഷം, തൊണ്ടവേദന മുതലായ രോഗങ്ങൾ പിടിപെട്ടാൽ അടിയന്തിരമായി തന്നെ അടുത്തുള്ള സർക്കാർ ആശുപത്രിയിൽ കൊണ്ടുപോയി ചികിത്സ നൽകേണ്ടതാണ്.
3. പനി ബാധിച്ചവരുടെ വസ്തുങ്ങളും , സാധനങ്ങളും മറ്റ് താമസക്കാർ ഉപയോഗിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് .
4. സർക്കാരും, ആരോഗ്യവകുപ്പും നൽകുന്ന ആരോഗ്യ സുരക്ഷ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.
5. തിളപ്പിച്ചാറിയ വെള്ളം മാത്രമേ കുടിക്കാൻ നൽകാവൂ.
6. ചികിത്സയ്ക്ക് ശേഷം ആശുപത്രിയിൽ നിന്നും കൊണ്ടുവരുന്നവരെ ആവശ്യമെങ്കിൽ പ്രത്യേകമായി പാർപ്പിക്കേണ്ടതാണ്.
7. സ്ഥാപനങ്ങളിലെ ജീവനക്കാർക്കും , താമസക്കാർക്കും ആവശ്യമായ

File No.SJD/64/2020-D2

ബോധവത്ക്കരണം നൽകേണ്ടതും ആരോഗ്യവകുപ്പിന്റെ പ്രതിരോധ സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായും പാലിക്കേണ്ടതുമാണ്.

8. **സ്ഥാപനക്കാർക്ക് ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുകയാണെങ്കിൽ ജില്ലാ കളക്ടറെയും, ആരോഗ്യ പ്രവർത്തകരെയും അടിയന്തിരമായി അറിയിക്കേണ്ടതാണ്. (ദിശ – ടോൾ ഫ്രീ നമ്പർ : 1056)**

9. സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ മാർച്ച് 31 വരെ അവധി പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ വി.ടി.സി കളിലെ പരിശീലനാർത്ഥികൾക്കും 31.03.2020 വരെ അവധി അനുവദിക്കേണ്ടതാണ്

മേൽകാര്യങ്ങൾ സ്ഥാപനങ്ങൾ കർശനമായി പാലിക്കുന്നുണ്ട് എന്ന കാര്യം ജില്ലാ ആഫീസർമാർ പരിശോധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**സാമൂഹ്യനീതി ഡയറക്ടർ**

പകർപ്പ്
ക്ഷേമസ്ഥാപന മേധാവികൾ/സൂപ്പർവൈസർ
വി.ടി.സി, തിരുവനന്തപുരം, കോഴിക്കോട്